# ഇ - ബീറ്റ്സ്

# ST.JOSEPH'S CGHS

## താളുകളിലൂടെ

**സന്ദേശം**

**എഡിറ്റോറിയൽ**

**കവിതകൾ**

**കഥകൾ**

**ഉപന്യാസങ്ങൾ**

**സ്കൂൾ പ്രവർത്തനങ്ങൾ**

**മത്സര വിജയികൾ**

**നന്ദി**

# സന്ദേശം

നിത്യജീവിതത്തിൽ വിവരവിനിമയ
സാങ്കേതിക വിദ്യ വിപുലവും
വിസ്മയകരവുമായ മാറ്റങ്ങൾക്കു
വിധേയമായിക്കൊണ്ടിരിക്കുന്നു എന്നത്
ഏറെ സന്തോഷകരമാണ്.
ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ
മാഗസിൻ എന്ന സ്വപ്നം
സാക്ഷാത്കരിക്കുമ്പോൾ "ഇ – ബീറ്റസ്"-
ലൂടെ വിദ്യാലയം കൂടുതൽ ഉയർച്ചയിലേക്കു

എത്തട്ടെ എന്നും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ കാര്യക്ഷമമാകട്ടെ എന്നും ആശംസിക്കുന്നു.......

**-ഹെഡ്മിസ്ട്രസ്**

# കവിതകൾ

ഇ-




നീലാകാശത്തിന് പൊട്ടുതൊട്ട്
സൗന്ദര്യത്തിൽ മുഴുകീ
ആലോലമാടി നടകുന്ന
പ്രകാശമേ
ഒന്നു നിന്നെ  മിഴിതുറന്ന്
കാണട്ടെ  ഞാൻ
ഇരുണ്ട  ഭൂമിയോ  പ്രകാശത്താൽ
അഴകാക്കി നീയിതെങ്ങുപോ-
യി എൻ നിറവേ

ചന്ദ്രന്റെ സ്ഥാനമാകുമ്പോൾ
സൂര്യപ്രകാശം മങ്ങുകയില്ലേ
എങ്ങുപോയി നീയെങ്ങുപോയി
നിനക്കുവേണ്ടി ഞാൻ കാ-
ത്തിരിക്കുമെൻ പ്രകാശ-
സുഹൃത്തേ..........................

-അദ്വിതി.ടി.വി

# രണ്ട് അക്ഷരം

ഞാൻ രണ്ട് അക്ഷരത്തിൽ തുടങ്ങുന്നു,

ആ രണ്ട അക്ഷരം
എന്നെ ഉയർത്തി.

ആ അക്ഷരങ്ങൾ
എന്റെ
ജീവിതത്തെ



അർത്ഥപൂർണമാക്കി

ആ അക്ഷരം എന്നെസ്നേഹിച്ചു വളർത്തി

എന്നാലാ അക്ഷരത്തിന്റെ വേദനകൾ,

ഞാൻ  അറിഞ്ഞില്ല. . . . . . . . . . . . .

ഒരു നാളാ അക്ഷരം എന്നെ
പിരിഞ്ഞ് പോകുകയായി

ആ ഒരു നിമിഷം മുതൽ ഞാൻ
ആ അക്ഷരത്തിന്റെ മൂല്യമറിഞ്ഞു
ആ അക്ഷരം അ , മ്മ. . . . . അമ്മ. . . . .

-ആര്യ.എസ്.മേനോൻ



# അച്ഛൻ

അച്ഛൻ എൻ അച്ഛൻ

എൻ ദൈവമാം അച്ഛൻ

അച്ഛൻ എൻ ശക്തി

എന്റെയച്ഛനെ ഒരുനോക്കു കാണാൻ

ദൈവത്തോടപേക്ഷിക്കുന്നു ഞാൻ

ചിതയിൽ എരിഞ്ഞു

അച്ഛന്റെ ശരീരം
ആത്മാവെവിടെയെന്നറിയില്ല

ഒരു നോക്കുകാണാൻ കൊതിക്കുന്നു

ഞാൻ എൻ അച്ഛനെ

ഉറങ്ങൂ എൻ അച്ഛാ എന്നെന്നേക്കുമായി.

ഗൗരി.എൻ.ജെ



മാനവ ലോകർക്കായി  എല്ലാം നൽകുന്ന
ഒരു കാനനം ഇപ്പോൾ തരിശ്ശുമാണ്.
ഒരു നീറുന്ന നെഞ്ചകത്തോടെ
തൻ മക്കളെ പോറ്റുന്ന പുണ്യ കാനനം
മരിക്കുന്നു മെല്ലെ. . . . . . . . . . . . .
തൻ ജീവിതത്തിനാവശ്യമായ കാനനം
തൻ കൺമുന്നിൽ നിന്ന മാഞ്ഞുപോകു-
ന്നോൾ
നിഷ്കളങ്കരായ ജീവികൾ ചോദിക്കുന്നു
നമ്മോട് ജീവിതാശ്രയം.

# എന്റെ വിദ്യാലയം

എനിക്കുമുണ്ടൊരു വിദ്യാലയം ;
ആ വിദ്യാലയം എന്നെ നന്മയിലേക്ക്-
നയിച്ചു
എന്നാൽ ആ
നന്മയെ
അറിയുന്നവർക്കു,



ജീവിതത്തിലെ
ആദ്യ
ചുവടായിരുന്നു,
അതിൽ കുറേ മിത്രങ്ങളെയും-
അദ്ധ്യാപകരേയും
എന്നെ അവരുടെ ആത്മാവിലൂടെ-

വളർത്തി,
ഇന്നും ഞാൻ ഓർക്കുന്നു
ആ കഴിഞ്ഞുപോയ ദിനങ്ങൾ
എന്റെ വിദ്യാലയം എന്റെ ദേവാലയം.

-ആര്യ എസ്.മേനോൻ

# എന്റെ ബാല്യം



ഞാൻ ഓർക്കുന്നു എന്റെ കുട്ടിക്കാലം
അമ്മതൻ സാരിതുമ്പിൽ
പിടിച്ചുനടന്നകാലം
പൂവിനെ പൂമ്പാറ്റയാക്കി മാറ്റിയക്കാലം
എനിക്കും പറക്കണമെന്നോതിയക്കാലം

ഞാൻ ഓർക്കുന്നു എന്റെ കുട്ടിക്കാലം

വിദ്യാലയത്തിലെന്നും നിർത്താതെ
കരഞ്ഞകാലം
എന്റെ ദൈവത്തെ ഞാനറിഞ്ഞ കാലം
അമ്മതൻ പുണ്യത്തെ ആവോളം
ആസ്വദിച്ച കാലം

ഞാൻ ഓർക്കുന്നു എന്റെ കുട്ടിക്കാലം
അച്ഛന്റെ ശകാരങ്ങൾക്കിടയിൽ
കരഞ്ഞക്കാലം
ശകാരങ്ങൾക്കിടയിലും എന്നെ
സ്നേഹംകൊണ്ട് തഴുകിയക്കാലം
മാനത്തെ മാമനെ അമ്മയിലൂടെ
പരിചയപ്പെട്ടക്കാലം
ഇനിയും തിരിച്ചു വരുമോ എന്റെ
കുട്ടിക്കാലം

# കഥകള്‍

# മണ്ടൻ കാക്ക

ഒരിക്കല് ഒരു കാക്ക തീറ്റ തേടി അലയുമ്പോള് ഒരു കഴുകൻ ഒരു ചെമ്മരിയാട്ടിൻകുട്ടിയെ റാഞ്ചിക്കൊണ്ടു പോകുന്നതു കണ്ടു

കാക്കയ്ക്കും അതുപോലെ ഒരു ആടിൻ
റാഞ്ചാൻ കൊതി തോന്നി അവൻ ആട്ടിൻ പറ്റത്തിൻറെ
അടുത്തു ചെന്ന് അതില് എറ്റവും വലിയ ഒരു ആടിനെ
തെരഞ്ഞുപിടിച്ചു. അതിൻറെ പുറത്തു പറന്നു വിണ് രോമത്തിലെക്കു നഖനിറക്കി .

പക്ഷെ,കാക്ക വിചാരിച്ച
അത്ര വേഗത്തില് അതിൻറെ നഖങ്ങള് ചെമ്മരിയാട്ടിൻറെ
രോമത്തിനിടയിലേക്ക് ഇറങ്ങിയില്ല . എകിലും അത് പിൻമാറിയില്ല . വളരെ പ്രയാസപ്പെട്ട്

ആട്ടിൻരോമത്തിനിടയിലേക്ക് അത് വിരലുകള്‍കയറ്റി.രോമം വിരലിനിടയില്‍ കയറിയതോടു കൂടി കാക്കയ്ക്ക് കാലുകള്‍അനക്കാൻ പറ്റാതെയായി. കാക്ക എത്ര ശ്രമിച്ചിട്ടു മുകളിലേക്ക് പറന്നുയരാനും കഴിഞ്ഞില്ല. കാക്ക രക്ഷപ്പെടാനായി സർവ്വശക്തിയുമെടുത്ത് കരയാനും പിടയ്ക്കാനും തുടങ്ങി.

ഇ

ത് കണ്ടുകൊണ്ടാണ് ആട്ടിടയൻ വന്നത്. അയാള്‍ കാക്കയെ പിടിക്കൂടി ഒരു ചരടുകൊണ്ട് ബന്ധിച്ച് അതിനെ തന്റെ കുട്ടികള്‍ക്ക് കളിക്കാൻ ഇട്ടുകൊടുത്തു

.അതൊടെകാക്കയുടെഅതിമോഹം

അവസാനിച്ചു.

# ആനയും സിംഹവും

ഒരിക്കൽ സിംഹം ജൂപ്പിറ്റർ ദേവനോട് പരാതിപ്പെട്ടു. എനിക്കു നീ ശക്തിയും സൗന്ദര്യവും ധൈര്യവും ഒക്കെത്തന്നു. പക്ഷേ, പൂവൻകോഴിയുടെ ക്രൂവൽ കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ഭയമാണ്. അതുക്രൂടി നീ മാറ്റിത്തരാത്തതെന്താണു ദേവാ?

ദേവൻ പുഞ്ചിയോടെ പറഞ്ഞു, നിനക്ക് എല്ലാ കഴിവും ഞാൻ തന്നിട്ടുണ്ടല്ലോ .ഇക്കാര്യത്തിൽ മാത്രം
നീ ഭീരുവായത് എന്റെ കുറ്റം കൊണ്ടല്ല. ആ ഭയം മാറ്റിയെടുക്കേണ്ടത് നിന്റെ ചുമതലയാണ് . ജൂപ്പിറ്റർ ദേവന്റെ വാക്കുകൾ സിംഹത്തിന്റെ നിരാശ വർഹധിപ്പിച്ചു. അവനു ജിവിതം മടുത്തതുപോലെയായി.

അങ്ങനെ വിഷമിച്ചു നടക്കുമ്പോൾ ഒരു
ദിവസം ഒരു ആനയെ കണ്ടുമുട്ടി.
സിംഹത്തിന് ആനയോട് ആദരവുതോന്നി.
അത്രയും വലിയ
ജ്ജിവിയെ അവൻ ആദ്യമായി കാണുകയാണ്
അവർ പരസ്പരം പരിജ്ഞയപ്പെട്ടു അവർ
ഏറെ നേരം സംസാരിച്ചിരുന്നു.
അപ്പോഴൊക്കെ സിംഹം ശ്രദ്ധിച്ച ഒരു
കാര്യമുണ്ടായിരുന്നു.
ആന എപ്പോഴും മുറംപോലെയുള്ള തന്റെ
വലിയ ചെവി
വിശികൊണ്ടിരുന്നു. നിങ്ങൾ എന്തിനാണ്
എപ്പോഴും ഇങ്ങനെ
ചെയ്യുകൊണ്ടിരിക്കുന്നത് ? സിംഹം
ചോദിച്ചു.
അതോ?എനിക്ക് ചെള്ളിനെ ഭയങ്കര
ഭയമാണ്. അവ ചെവിയിലെങ്ങാനും

കയറിയാൽ എന്റെ കഥ കഴിഞ്ഞതുതന്നെ !
ആന ഭയത്തോടെ പറഞ്ഞു .

സിംഹത്തിന് അത്ഭുതം തോന്നി ഇത്രയും വലിയ ഒരു ജീവി ,തീരെ ചെറിയ ചെള്ളിനെ ഭയന്നാണ് ജീവിക്കുന്നത്. ആനയ്ക്ക് അതില് യാതൊരു പരാതിയുമില്ല. അങ്ങനെ നോക്കുമ്പോള് എന്റെ അവസ്ഥ എത്രയോ ഭേദമാണ്.

അതിനുശേഷം സിംഹം യാതൊരു പരാതിയുമില്ലാതെ സന്തോഷത്തോടെ ജീവിച്ചു.............

# തട്ടിപ്പ് വീരൻ

മൃഗങ്ങളുടെ രാജാവാണ് സിംഹം .
എന്നാല് പക്ഷികളക്കു രാജാവില്ല .
ഉടൻതന്നെ പക്ഷികള്ക്കും
ഒരു രാജാവിനെ നിശ്ചയിക്കണം .

പക്ഷികളുടെയും മൃഗങ്ങളുടെയും
ചക്രവർത്തി തിരുമാനിച്ചു. ആദ്ദേഹം
എല്ലാ പക്ഷികളെയും താൻ
കൊട്ടാരത്തിലേക്ക് ക്ഷണിച്ചു പക്ഷികള്ക്ക്
ഉത്സാഹമായി .അവർ
തങ്ങളുടെ തുവലുകള് മിനുക്കി
ചന്തംവരുത്താൻ തുടങ്ങി.   എന്നാല്

കാക്കമാത്രം പുതിയൊരടവ് പ്രയോഗിച്ചു .

അവൻ പല പക്ഷികളുടെ തൂവലുകലള് തൻറെ തൂവലുകള്ക്കിടയില് കുത്തിത്തിരുകി ചന്തം വർധിപ്പിച്ചു .ചക്രവർത്തിക്ക് ഇഷ്ടപ്പെടണമല്ലോ.എല്ലാ പക്ഷികളും കൊട്ടാരമുറ്റത്തെത്തി .ഓരോരുത്തരെയായി ചക്രവർത്തി നിരിക്ഷിച്ചു .
ഒടുവില്,വിഞ്ജിത്രമായ തൂവലുകള് നിറഞ്ഞ അന്നുവരെ ആരും കാണാത്ത ഒരു പക്ഷിയെ കണ്ട് ചക്രവർത്തി അത്ഭുതപ്പെട്ടു.അതിനെ അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെടുകയും ചെയ്യുതു ഈ അപൂർവ്വപക്ഷിയെ

ഞാൻ പക്ഷികളുടെ രാജാവായി പ്രഖ്യാപിച്ചിരിക്കുന്നു !, ചക്രവർത്തി അറിയിച്ചു .പുതിയ പക്ഷിയുടെ രൂപവും ഭാവവും കണ്ട് പക്ഷികള് അന്തംവിട്ടു നിന്നു .കൂട്ടത്തില് പ്രാവിന് ഒരു സംശയം തോന്നി .അവൻ പുതിയ രാജാവിൻറെ അരികെ ചെന്ന്,തൂങ്ങിനിന്ന ഒരു തൂവലില് ഒന്നു കൊത്തിവലിച്ചു. ഉടനെ ആ പക്ഷി കുതറി മാറി. അതിൻനറെ വാലില് നിന്ന് വെളുത്ത തൂവലുകള് കൊഴിഞ്ഞ് താഴെ വീണു. അതിൻറെ കറുത്ത വാല് പുറത്തുവന്നു.

ദേ, ഒരു

തട്ടിപ് വീരൻ.....! പക്ഷികള്

പുതിയ രാജാവിൻറെ പുറത്തുവീണ് കൊത്തിവലിച്ചു. നിറമുള്ള തൂവലുകള് നാലുപാടും ചിതറി. ഒടുവില് പുതിയ രാജാവിൻറെ
തനിരൂപം വ്യക്തമായി.

അയ്യോടാ ഇതു നമ്മുടെ കള്ളക്കാക്കയല്ലേ?പക്ഷികള് ആർത്തുവിളിച്ചു.കാക്കയുടെ തല നാണംക്കൊണ്ടു കുനിഞ്ഞു.

# ഉപന്യാസം

# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ അവശ്യകതയും സാമൂഹ്യ പങ്കാളിത്തവും

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുമ്പിൽ നിൽകുന്ന
ഒരു സംസ്ഥാനമാണ് നമ്മുടെ ദൈവത്തിന്റെ സ്വന്തം
നാട്. നമ്മുടെ കൊച്ചുകേരളം. ആരും എല്ലാം തികഞ്ഞവരായി ഈ ഭൂമിൽ ജനിക്കുന്നില്ല. പലർക്കും പലതരത്തിലുള്ള കുറവുകൾ ഉണ്ടാകും. അത് ചിലപോൾ കേൾവികുറവാകാം , കാഴ്ച്ചക്കുറവാകാം മറ്റുചിലപ്പോൾ

മാനസികമോ ശാരിരികമോ ആയ കുറവുകൾ ആകാം ഇങ്ങനെ കുറവുകളുള്ളവരും മാനുഷ്യർതന്നെയാണെന്ന ബോധ്യം നാം എല്ലാർക്കും ഉണ്ടാകേണ്ടതുണ്ട്. തന്റേതല്ലാത്ത കാരണത്താൽ ചില കുറുവുകൾ ഉള്ളവരെ നാം വിലക്കുറച്ച് കാണരുത്. ഇങ്ങനെ ഉള്ളവർക്കും ഈ ഭൂമിയിൽ ജിവിക്കുവാനുള്ള അവകാശം ഉണ്ട്. വിദ്യ അദ്യസിക്കുവാനുള്ള അവകാശവും ഉണ്ട് വിദ്യാദ്യാസം നാം എല്ലാവരുടെയും ജന്മാവകാശമാണ് ആദ്യ വിദ്യാദ്യാസ മന്ത്രിയായ മൗലാനോ അബ്ദുൾ കലാം ആസാദ് നടപ്പിലാക്കിയ നയമാണ് പതിനാല് വയസ്സിൻ താഴെയുള്ള

കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവും ആയ വിദ്യാഭ്യാസം. ഇതിനുവേണ്ടി ഗവർണമെന്റ് നിയമങ്ങൾ പോലും പാസാക്കിയിട്ടുണ്ടെങ്കിലും ഇന്നും വിദ്യാഭ്യാസം കിട്ടാതെ വലയുന്ന നിരവതി കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. ഇതിൽ ഭൂരിഭാഗം കുട്ടികളും പലതരത്തിലുള്ള കുട്ടികളുമാവാം.

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നാണെല്ലോ ചൊല്ല്. സാധരണജനങ്ങൾക്കുമാത്ര ഈ ധനം കിട്ടിയാൽ മാതിയാവുമോ? അതിൽ തന്നെ ഉൾചേരാൻ വിദ്യാഭ്യാസത്തിന്റെ അവശ്യകത വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഉൾചേരൽ വിദ്യാഭ്യാസത്തിനുവേണ്ടി ഒരാൾ മാത്രം

മുൻകൈഎടുക്കുന്നതുകൊണ്ട്കാര്യമുണ്ടാകുന്നില്ല.സമൂഹത്തിലെഎല്ലാവരുടെയും തികഞ്ഞ ആത്മാർത്ഥമായ പങ്കാളിത്തം ഇതിന് അത്യാവശ്യമാണ്. അതുകൊണ്ട് നമ്മുക്ക് എല്ലാവർക്കും മറ്റു ള്ളവരെ സഹായികുവാനു
ഉള്ള മനോഭാവംഉണ്ടാകേണ്ടതുണ്ട്.

നാം എല്ലാവർക്കും അറയുന്ന വ്യക്തിയാണല്ലോ
ബചേന്ദ്രിപാൽ. ഇന്ത്യകാരിൽ ആദ്യമായിഎവറസ്റ്റ്
കൊടുമുടി കീഴക്കിയ ബിന്നശേഷിയായ ധീര വനിത.
ബചേന്ദ്രിപാൽ എന്ന പേതുകേൾക്കുമ്പോൾ തന്നെ നാം രോമാഞ്ചകഞ്ചുകിതരും

പുളകിതകാത്രകരുമായി
തീരാറുണ്ട്. എന്തിനു പറയുന്നു
നമ്മുക്കെല്ലാവർക്കും
സുപരിചിതമായ വൈക്കം
വിജയലക്ഷ്മിയെതന്നെ
ഒന്നു നോക്കൂ.ഇരു കണ്ണുകൾക്കും
കാഴ്ച്ചശക്തിയില്ല
നിട്ടും ഒരു കൊട്ടാരം തന്നെ
സൃഷ്ടിച്ചില്ലേ.ബിന്നശേഷിക്കാർക്കും
വിദ്യാദ്യാസം ലഭിക്കു എന്ന ചിന്തയിലൂടെ
ചിലപോൾനമ്മുക്കൊരു
ബചേന്ദ്രിപാലിനേയും വിജയലക്ഷ്മിയേ
യൊ കിട്ടുമായിരിക്കും.

# വിദ്യാലയ പ്രവർത്തനങ്ങൾ

പ്ലാസ്റ്റിക്ക് നിരോധനം

വായനാ ദിനം

നല്ല പാഠം

സ്വയം സുരക്ഷ

കേശദാനം

# എഡിറ്റോറിയൽ ബോർഡ്

- വൃന്ദ അശോകൻ
- അഫ്സാന ജെ വൈ
- നജ്‌മിന ഐ
- അഞ്ജലി കൃഷ്ണ
- ജ്യോതിക കെ യു
- അമയ തോമസ്
- സോന മത്തായി



## സംസ്ഥാന സ്ക്രൂൾ കലോത്സവത്തിൽ സംഘനൃത്തിൽ രണ്ടാംസ്ഥാനം നേടിയ വിദ്യർത്ഥികൾ

ഇ- ബീറ്റ്സ്










ഇ- ബീറ്റ്സ്

# നന്ദി. . . . .